| പതിനാലാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനൊന്നാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2101 | | 11/06/2018 ൽ മറുപടിക്ക് | |
| ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടറായിരിക്കെ പുറപ്പെടുവിച്ച സർക്കുലറുകൾ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.ഹൈബി ഈഡൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡി. ജി. പി. ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടറായിരിക്കെ എത്ര സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ഡി.ജി.പി. ശ്രീ. ജേക്കബ് തോമസ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറായിരിക്കെ 2016-ൽ 36 സർക്കുലറുകൾ പുറപ്പെടുവിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സർക്കുലറുകൾ എന്തൊക്കെ കാര്യത്തിനായിരുന്നുവെന്ന് വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത കാലയളവിൽ അദ്ദേഹം പുറപ്പെടുവിച്ച സർക്കുലറുകളിൽ എത്രയെണ്ണം പുതിയ ഡയറക്ടർ റദ്ദാക്കി; സർക്കാർ നിർദ്ദേശപ്രകാരമാണോ പ്രസ്തുത സർക്കുലറുകൾ റദ്ദാക്കിയതെന്ന് വ്യക്തമാക്കാമോ; | (സി) | 31 സർക്കുലറുകൾ ഡയറക്ടർ റദ്ദാക്കി. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുമായും വിജിലൻസ് മാനുവലുമായും യോജിച്ചു പോകാത്തതുകൊണ്ടാണ് ഈ സർക്കുലറുകൾ റദ്ദാക്കിയത്. |
| (ഡി) | ഉന്നത നിയമനങ്ങൾക്ക് വിജിലൻസ് അനുമതി വേണമെന്ന സർക്കുലറുകളും റദ്ദാക്കിയ കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ അഴിമതി നടത്തിയവരെ സർക്കാരിന് ഇഷ്ടമുള്ള തസ്തികയിൽ നിയമിക്കുന്നതിന് ഇത് ഇടയാക്കുകയില്ലേ ; വിശദമാക്കാമോ; | (ഡി) | ഉന്നതതലനിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണ് എന്നത് വ്യക്തമാക്കുന്ന 2 സർക്കുലറുകൾ ആസൂത്രണസാമ്പത്തികകാര്യവകുപ്പും ഒരു സർക്കുലർ വിജിലൻസ് [ഇ] വകുപ്പും പുറപ്പെടുവിച്ചിട്ടുണ്ട്. ഇവ സർക്കാർ തലത്തിൽ പുറപ്പെടുവിച്ചിട്ടുള്ളവയാണ്. ഇവ നിലനിൽക്കുന്നുണ്ട്. |
| (ഇ) | ജേക്കബ് തോമസ് പുറപ്പെടുവിച്ച സർക്കുലറുകളുടെ നിയമസാധുത സർക്കാർ പരിശോധിച്ചിരുന്നോ; എങ്കിൽ എന്നാണ് പരിശോധിച്ചതെന്ന് വ്യക്തമാക്കാമോ? | (ഇ) | ശ്രീ. ജേക്കബ് തോമസ് ഐ. പി. എസ്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ആയിരുന്ന 2016 കാലഘട്ടത്തിൽ വിജിലൻസിനെ സംബന്ധിച്ച് 36 സർക്കുലറുകൾ പുറപ്പെടുവിക്കുകയുണ്ടായി. ആയത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകളും സർക്കുലറുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 29.03.2017 തീയതിയിൽ ജി. ഒ. (പി.) 09/17/വിജി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിനും വിജിലൻസ് മാനുവലിനും മറ്റ് ഗവൺമെന്റ് ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമല്ലാതെയുള്ള സർക്കുലറുകൾ (സർക്കുലർ 1/16 മുതൽ 36/16 വരെ) പരിശോധിക്കാൻ വേണ്ടി വിജിലൻസ് ഡയറക്ടർ ഒരു കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം, വിജിലൻസ് മാനുവലിന്റെയും സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ 05/2016, 08/2016, 27/2016, 34/2016, 35/2016 എന്നീ 5 സർക്കുലറുകൾ |

| | | | |
|---|---|---|---|
| | | | നിലനിർത്താനും ബാക്കിയുള്ള മുപ്പത്തിയൊന്ന് സർക്കുലറുകൾ അസ്ഥിരപ്പെടുത്തുവാനും തീരുമാനിക്കുകയും അതിൻപ്രകാരം വിജിലൻസ് ഡയറക്ടറുടെ 24/05/2018-ലെ പി- 1483/2018/വി. എ. സി. ബി. നമ്പർ ഉത്തരവിലൂടെ മുപ്പത്തിയൊന്ന് സർക്കുലറുകൾ അസ്ഥിരപ്പെടുത്തുകയും അഞ്ച് സർക്കുലറുകൾ നില നിർത്തുകയും ചെയ്തിട്ടുണ്ട്. |

Rashmi

സെക്ഷൻ ഓഫീസർ

## അനുബന്ധം

(1) സർക്കുലർ 1/16- അന്വേഷണങ്ങളിലും, സർക്കാരും കോടതികളും അയച്ചുതരുന്ന പരാതികളിലും, ആക്ഷേപങ്ങളിലും തുടർനടപടികൾ സ്വീകരിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമം.

(2) സർക്കുലർ 2/16- വിജിലൻസ് അന്വേഷണങ്ങൾ പരിശോധനകൾ, കേസുകൾ എന്നിവ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുകയും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള മേൽനോട്ട സംവിധാനം നടപ്പിലാക്കൽ സംബന്ധിച്ച്

(3) സർക്കുലർ 3/16- വി.എ.സി.ബി. ഡയറക്ടേറേറ്റിലും യൂണിറ്റ് ഓഫീസിലും ഗുഡ് ഗവേണൻസ് ആഡിറ്റ് നടപ്പിലാക്കുന്നത് സംബന്ധിച്ച്.

(4) സർക്കുലർ 4/16- വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നീ തലത്തിൽ വി.എ.സി.ബി. ഡയറക്ടറേറ്റിലെ സെക്ഷനുകളും ഫയലുകളും ക്രമീകരിക്കുന്നത് സംബന്ധിച്ച്.

(5) സർക്കുലർ 5/16- ലേണിംഗ് & ഷെയറിംഗ് ഫോറം (LSF) സർക്കാരിതര സംഘടനകളുമായി സഹകരിച്ചുകൊണ്ട് വി.എ.സി.ബി - എൻ.ജി.ഒ. ഇന്ററാക്ടീവ് നടപ്പിലാക്കൽ (VNI), നാഷണൽ സർവീസ് സ്കീമുമായി സഹകരിച്ച് അഴിമതിവിരുദ്ധ പ്രവർത്തങ്ങൾ (എൻ.എസ്.എസ് - കോയലിഷൻ) (NVC) എറൈസിംഗ് കേരള എന്ന മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കൽ (AIM), വിസിൽ ബ്ലോവർമാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി (WPP)

(6) ആദിവാസി വികസനം/ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ബെനഫിറ്റ് ട്രാക്കിംഗ് ആഡിറ്റ് നടത്തുന്നത് സംബന്ധിച്ച്

(7) സർക്കുലർ 7/16- ഓരോ വിജിലൻസ് യൂണിറ്റിലേയും ഓരോ ഓഫീസർമാരും 2016 ജൂലൈ മാസം മുതൽ മാസത്തിലൊരിക്കൽ എഫക്ടീവ് വിജിലൻസ് ആക്ഷൻ (EVA) നടത്തുന്നത് സംബന്ധിച്ച്.

(8) സർക്കുലർ 8/16- അഴിമതിയുമായി കൈകോർത്തിരിക്കുന്ന തട്ടിപ്പുകാരെ കൈകാര്യം ചെയ്യുന്നതിന് കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾ നടത്തുകയും ഇത്തരം ശക്തികൾക്കെതിരെ പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും അതുവഴി വിജിലൻസ് സംവിധാനത്തോട് പൊതുജനങ്ങളുടെ വിശ്വാസം നേടിയെടുക്കൽ സംബന്ധിച്ചുള്ളത്.

(9) സർക്കുലർ 9/16- ക്രിയേറ്റീവ് വിജിലൻസിന്റെ ഭാഗമായി ഇൻപുട്ട് ട്രാക്കിംഗ് ആഡിറ്റ് (ITA) നടപ്പിലാക്കൽ.

(10) സർക്കുലർ 10/16- വി.എ.സി.ബി., എസ്.ഐ.യു-1 ഓഫീസിൽ 29/06/16-ൽ കൂടിയ ലേണിംഗ് & ഷെയറിംഗ് ഫോറത്തിൽ കപ്പാസിറ്റി ബിൽഡിംഗിനെ സംബന്ധിച്ച് ഉയർന്നു വന്ന നിർദ്ദേശങ്ങൾ.

(11) സർക്കുലർ 11/16 - അഴിമതിക്കാരും സ്വാധീനശക്തിയുള്ളവരുമായ വ്യക്തികൾ തന്ത്രപൂർവ്വം നിയമത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാതിരിക്കാൻ അവരുടെ അഴിമതി കണ്ടെത്തുന്നതിലെ റിസ്ക് നേരിടുന്നതിനുള്ള നിർദ്ദേശങ്ങൾ.

(12) സർക്കുലർ 12/16- QV,CV,Vigilance Enquiry എന്നീ അന്വേഷണങ്ങൾ പെട്ടെന്ന് കാര്യക്ഷമമായി അന്വേഷിക്കുന്നതിന് വി.എ.സി.ബിയിൽ കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ളത്.

(13) സർക്കുലർ 13/16- അഴിമതിയുമായി ബന്ധപ്പെട്ട കൊട്ടും കുറ്റകൃത്യങ്ങൾ തടയുന്നതിൽ സി.ആർ.പി.സി., ഐ.പി.സി ആക്ടുകളിൽ ഹൈക്കോടതികളുടേയും സുപ്രീംകോടതിയുടേയും വിധികളെ കാര്യക്ഷമവും സംശയരഹിതവുമായി ഉപയോഗിക്കുന്നത് സംബന്ധിച്ച്.

(14) സർക്കുലർ 14/16- അഴിമതി വിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച പ്രകടനം വിലയിരുത്തുന്നതിന് കേരളാ ആന്റി കറപ്ഷൻ ഇൻഡക്സ് നടപ്പിലാക്കുന്നത്(KAI)

(15) സർക്കുലർ 15/16- റിസർച്ചിലൂടെ കപ്പാസിറ്റി ബിൽഡിംഗ് നടത്തുന്നതിന് വി.എ.സി.ബി.യിൽ ഒരു റിസർച്ച് & ട്രെയിനിംഗ് സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച്.

(16) സർക്കുലർ 16/16- ജില്ലാതലത്തിലും, സിറ്റി, ടൗൺ തലത്തിലും ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് കൺകറണ്ട് വിജിലൻസ് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച്.

(17) സർക്കുലർ 17/16- വളരെ പ്രതികൂലമായ സാഹചര്യങ്ങളിലും കാര്യക്ഷമമായ അഴിമതി വിരുദ്ധ പ്രവർത്തനത്തിന് കപ്പാസിറ്റി ബിൽഡിംഗ് ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

(18) സർക്കുലർ 18/16- അഴിമതിയ്ക്കെതിരെ പുതിയ രീതിയിലുള്ള റിസ്കുകൾ സൃഷ്ടിക്കുകയും അഴിമതിക്കാരായ വ്യക്തികൾക്കെതിരെ നിലവിലുള്ള റിസ്കുകൾ കൂടുതൽ വീര്യത്തോടെ നടപ്പിലാക്കൽ.

(19) സർക്കുലർ 19/16- ധൈര്യശാലികളായ വിസിൽ ബ്ലോവർമാരെ സൃഷ്ടിക്കുന്നതിന് കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്

(20) സർക്കുലർ 20/16- എറൈസിംഗ് കേരളയുടെ ഭാഗമായി സമൂഹത്തിലെ ഓരോ വിഭാഗം ജനങ്ങൾക്കും സർക്കാരിന്റെ ആനുകൂല്യങ്ങൾ, വിവിധ ക്ഷേമ പദ്ധതികൾ എന്നിവയുടെ ഗുണഫലങ്ങൾ ലഭിക്കുന്നതിനും സർക്കാർ ധനം ചോരുന്നതും നഷ്ടപ്പെടുന്നതും തടയാൻ അഞ്ചിൽ കൂടുതൽ വകുപ്പുകളെ ഒരു പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള തുടർ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള 8/08/2016-ലെ ഏകദിന പരിശീലന പരിപാടി.

(21) സർക്കുലർ 21/16- അഴിമതി ഒരു സംഘടിത കുറ്റകൃത്യമായതിനാൽ പ്രകൃതി വിഭവങ്ങൾ, പരിസ്ഥിതി സംബന്ധിച്ച് ഉയർന്നു വരുന്ന ആശങ്കകൾ, പൊതു ജനാരോഗ്യത്തിൽ ആഘാതമേൽപ്പിക്കൽ ഇവയെ സംബന്ധിച്ച എൻവയോൺമെന്റൽ റിസ്ക് വിജിലൻസ് (ERV) നടപ്പിലാക്കൽ .

(22) സർക്കുലർ 22/16- അഴിമതിയുടെ ചങ്ങല മുറിക്കുന്നതിനു വേണ്ടി ബെനഫിറ്റ് ട്രാക്കിംഗ് ആഡിറ്റ്, എൻവയോൺമെന്റൽ റിസ്ക് വിജിലൻസ്, എഡ്യുക്കേഷൻ പ്രോസസ് ആഡിറ്റ് എന്നിവയെ സംബന്ധിച്ച്.

(23) സർക്കുലർ 23/16- ക്യുവി/സി.വി. എന്നീ അന്വേഷണങ്ങൾക്ക് നമ്പർ നൽകുന്നതിന് പുതിയ രീതി അവലംബിക്കുന്നത്.

(24) സർക്കുലർ 24/16- പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട് റൈസ് മില്ലുകൾ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ എന്നിവിടങ്ങളിലെ ക്രമക്കേടുകളെയും അഴിമതിയാരോപണങ്ങളെയും സംബന്ധിച്ച ബെനഫിറ്റ് ട്രാക്കിംഗ് ആഡിറ്റ്

(25) സർക്കുലർ 25/16- ഉന്നത സ്ഥാനങ്ങളിലെ അഴിമതിയ്ക്കെതിരെ സ്വതന്ത്രവും, കാര്യക്ഷമവും, ഹാനിവരാത്ത വിധത്തിലും പക്ഷപാത രഹിതവുമായ അന്വേഷണം നടത്തുന്നതിന് ക്രിയേറ്റീവ് വിജിലൻസിന്റെ ഭാഗമായി കപ്പാസിറ്റി ബിൽഡിംഗിന്റെ പ്രയോഗ കൗശലം ഉപയോഗിക്കൽ.

(26) സർക്കുലർ 26/16- എറൈസിംഗ് കേരളയുമായി ബന്ധപ്പെട്ട് സദ് ഭരണത്തിന്റെയും അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടേയും ഏറ്റവും നല്ല രീതി നടപ്പിലാക്കൽ സംബന്ധിച്ച്

(27) സർക്കുലർ 27/16- കപ്പാസിറ്റി ബിൽഡിംഗുമായി ബന്ധപ്പെട്ട് വി.എ.സി.ബി.യുടെ പ്രവർത്തനങ്ങൾ സ്വതന്ത്രമാക്കുന്നതിനും അത് നിലനിർത്തുന്നതിനും പി.ഇ/ക്യു.വി/ വി.ഇഎന്നീ അന്വേഷണങ്ങളിൽ നിയമപരവും നടപടിക്രമങ്ങളിൽ വ്യാപ്തിയും സൃഷ്ടിക്കുന്നതിനുള്ള അഞ്ച് രീതികൾ സംബന്ധിച്ച്.

(28) സർക്കുലർ 28/16- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അഴിമതി വിമുക്തമാക്കുന്നതിന് എഡ്യുവിജിൽ പദ്ധതി നടപ്പാക്കൽ.

(29) സർക്കുലർ 29/16- സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന ആശയത്തിന്റെ ഭാഗമായി നമ്മുടെ സമൂഹത്തിൽ എഡ്യു വിജിൽ ഒരു കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനമായി

നടപ്പിലാക്കൽ.

(30) സർക്കുലർ 30/16- വിസിൽ ബ്ലോവേഴ്സിന്റെ കപ്പാസിറ്റി ബിൽഡിംഗ് വർദ്ധിപ്പിക്കുന്നതിനും അതുവഴി കേരളത്തിൽ സീറോ ടോളറൻസ് റ്റു കറപ്ഷൻ കൈവരിക്കുന്നതിന് വാർഷിക വിസിൽ ബ്ലോവേഴ്സ് അവാർഡ് നൽകുന്നതിന് തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ സംബന്ധിച്ച്.

(31) സർക്കുലർ 31/16- നിയമനം, പ്രമോഷൻ, ഡെപ്യൂട്ടേഷൻ, അവാർഡുകൾ, പാസ്സ്പോർട്ടിനുള്ള അപേക്ഷ എന്നിവയ്ക്ക് വിജിലൻസ് ക്ലിയറൻസ് എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങളാണ് ഈ സർക്കുലറിലുള്ളത്.

(32) സർക്കുലർ 32/16- സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന ആശയവുമായി ബന്ധപ്പെട്ട് വായനശാലകൾ, പ്രാദേശിക ലൈബ്രറികൾ എന്നിവയുമായി സഹകരിച്ച് കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച്.

(33) സർക്കുലർ 33/16- സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്നതിലേയ്ക്ക് വേണ്ടി നമ്മുടെ സമൂഹത്തിൽ കപ്പാസിറ്റി ബിൽഡിംഗ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് അത് എല്ലാവർക്കും അനുഭവ വേദ്യമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ.

(34) സർക്കുലർ 34/16- സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന പോളിസി നടപ്പിലാക്കുന്നതിൽ കോടതികളുടെ പ്രാധാന്യം- ലീഗൽ അഡ്വൈസറും അഡീഷണൽ ലീഗൽ അഡ്വൈസർമാരും സമാഹരിച്ച എല്ലാ പുതിയതും പ്രാധാന്യമുള്ളതുമായ കോടതി വിധികളെപ്പറ്റിയുള്ള വിഷയം തിരിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങളാണ് ഈ സർക്കുലറിൽ ഉള്ളത്.

(35) സർക്കുലർ 35/16- ആഭ്യന്തര വിജിലൻസ് ശക്തിപ്പെടുത്തൽ / സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ആഭ്യന്തര ഗുഡ് ഗവേണൻസ് പദ്ധതി നടപ്പിലാക്കൽ.

(36) സർക്കുലർ 36/16- എറൈസിംഗ് കേരള വിസിൽ നൗ എന്നീ മൊബൈൽ ആപ്ലിക്കേഷനുകൾ കാര്യക്ഷമമായി കേരള സമൂഹത്തിലെ സീറോ ടോളറൻസ് റ്റു കറപ്ഷൻ എന്ന ആശയം വിപുലമാക്കുന്നതിന് ഉപയോഗിക്കുന്നത് സംബന്ധിച്ച്.

Rashmi T

സെക്ഷൻ ഓഫീസർ